KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

N0.242/PR/PIC/PHQ/18 Date:29.09.2018

## ശബരിമല : ഉന്നതതലയോഗം സുരക്ഷാ ക്രമീകരണങ്ങൾ വിലയിരുത്തി

എല്ലാ പ്രായത്തിലുമുള്ള സ്ത്രീകൾക്ക് ശബരിമലയിൽ പ്രവേശനം അനുവദിച്ച സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറയുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതലയോഗം ശബരിമലയിൽ സ്വീകരിക്കേണ്ട ക്രമീകരണങ്ങൾ ചർച്ച ചെയ്തു.

ശബരിമലയിലെ പോലീസ് ബന്തവസ്സ് സംവിധാനങ്ങളിൽ മാറ്റം വരുത്തേണ്ടതുണ്ടെന്ന് യോഗം വിലയിരുത്തി. ഒരു മുതിർന്ന വനിതാപോലീസ് ഓഫീസറെ ശബരിമലയിലെ സുരക്ഷാസംവിധാനത്തിൽ ഉൾപ്പെടുത്തും. നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിലും പമ്പയിൽ നിന്ന് സന്നിധാനത്തിലേയ്ക്കുള്ള റോഡിലും ഏകദേശം അഞ്ഞൂറു വനിതാ പോലീസുദ്യോഗസ്ഥരെ നിയോഗിക്കേണ്ടതുണ്ട്. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ശബരിമലയിലെ വിവിധ ചുമതലകൾ നിർവ്വഹിക്കാൻ പരിശീലനം നൽകും. കൂടാതെ താമസ സൗകര്യവും മറ്റും ലഭ്യമാക്കുന്നതിന് ഇക്കാര്യം സർക്കാരിന്റെയും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെയും ശ്രദ്ധയിൽപ്പെടുത്താനും യോഗം തീരുമാനിച്ചു. വനിതാ പോലീസുദ്യോഗസ്ഥരെ വിട്ടുനൽകാമെന്ന മറ്റു സംസ്ഥാനങ്ങളുടെ വാഗ്ദാനവും പോലീസ് പരിഗണിക്കും. വനിതാ തീർത്ഥാടകരുടെ സുരക്ഷയ്ക്ക് ഡ്രോൺ, ക്യാമറ, നിരീക്ഷണ സംവിധാനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിനായി തിരുവനന്തപുരം റേഞ്ച് ഐ.ജി മനോജ് എബ്രഹാമിന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റിക്കും രൂപം നൽകിയിട്ടുണ്ട്. തിങ്കളാഴ്ച സർക്കാർ തലത്തിൽ നടത്തുന്ന യോഗത്തിനു ശേഷം ഇക്കാര്യത്തിൽ വ്യക്തത വരുമെന്ന് സംസ്ഥാന പോലീസ് മേധാവി അറിയിച്ചു.

*******************